**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4766** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് 2016 മുതലുള്ള കാലയളവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ: വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് 2016 മുതലുള്ള കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട് മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് 3.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നു.<br>• 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ മയ്യനാട് മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് 1.59 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നു.<br>• 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 51 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് 142 കോടി രൂപയുടെ കിഫ്ബി ധനാനുമതി ലഭ്യമായിട്ടുണ്ട് പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.<br>• 2022-23 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനായി 5.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. പദ്ധതി പൂർത്തീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | • 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നൂറനാട് സ്ഥിതി ചെയ്യുന്ന പടനിലം മത്സ്യമാർക്കറ്റ് പുനരുദ്ധരിക്കുന്നതിനായി 1.50 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതി പുരോഗമിച്ചു വരുന്നു.<br>• 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന ധനസഹായത്തോടെ അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയം എറണാകുളം ജില്ലയിലെ ആലുവ (48.23 കോടി), കോഴിക്കോട് ജില്ലയിലെ കോഴിക്കോട് (55.17 കോടി) എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• 2023-24 സാമ്പത്തിക വർഷത്തിൽ പി.എം.എം.സ്.വൈ-യിലെ സംയോജിത ആധുനിക മത്സ്യ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചാലിൽഗോപാൽപേട്ട മത്സ്യ ഗ്രാമത്തിൽ തലായി ഫിഷിംഗ് ഹാർബറിന് സമീപം 2.81 കോടി രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായി. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം മാർക്കറ്റുകൾ നവീകരിക്കുന്നതിനാണ് തുക അനുവദിച്ചത്; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൊണ്ടോട്ടി മത്സ്യമാർക്കറ്റ് നവീകരണത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പ് മുഖേന കൊണ്ടോട്ടി മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് 2016 മുതലുള്ള കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| **2016-17** | | | |
| 1 | കരിക്കോട് മത്സ്യമാർക്കറ്റ്, കൊല്ലം | 356.00 | പദ്ധതി പൂർത്തീകരിച്ചു |
| **2017-18** | | | |
| 1 | മയ്യനാട് മത്സ്യമാർക്കറ്റ്, കൊല്ലം | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 2021-22 – കിഫ്ബി മാർക്കറ്റ് – കിഫ്ബി പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയശേഷം, പാക്കേജ്, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED), ടെൻഡർ ഫയൽ എന്നിവയ്ക്ക് കിഫ്ബി അംഗീകാരം ലഭ്യമാകുമ്പോൾ ആണ് കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നത്. | | | |
| 1 | പുത്തൻചന്ത | 214.58 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പുന്നമൂട് | 452.40 | ഉടമ്പടി വച്ചു |
| 3 | പഴയകുന്നുമേൽ | 358.10 | കിഫ്ബിയിൽ നിന്നും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 4 | നിലക്കാമുക്ക് | 155.28 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 5 | വക്കം | 195.79 | കിഫ്ബിയിൽ നിന്നും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 6 | കടയ്ക്കാവൂർ | 265.83 | ഉടമ്പടി വച്ചു |
| 7 | വാമനപുരം | 439.32 | കിഫ്ബിയിൽ നിന്നും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 8 | നടക്കാട് | 251.18 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |

| | | | |
|---|---|---|---|
| 9 | വിളവൂർക്കൽ | 107.50 | പി.ഡബ്ല്യൂ.ഡി എൻ.ഒ.സി ലഭ്യമാക്കി പഞ്ചായത്ത് സ്ഥലം കൈമാറി നൽകേണ്ടതുണ്ട്. ആയതിനു ശേഷം പ്രവൃത്തി ഏർപ്പാടാക്കാൻ കഴിയുന്നതാണ്. |
| 10 | പൂന്തുറ | 237.92 | പദ്ധതി പുരോഗമിക്കുന്നു |
| 11 | നെയ്യാറ്റിൻകര | 478.40 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 12 | പനച്ചമൂട് | 535.77 | പദ്ധതി പുരോഗമിക്കുന്നു |
| 13 | കാഞ്ഞിരംകുളം | 246.95 | പദ്ധതിയുടെ പ്ലാൻ അപ്രൂവലിന്റെ കൗൺസിൽ തീരുമാനം പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| 14 | തങ്കശ്ശേരി | 320.73 | ബിൽഡിങ് പെർമിറ്റ്- ന് കൊല്ലം കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 15 | കടപ്പാക്കട | 210.64 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 16 | പള്ളിമുക്ക് | 320.53 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 17 | മൂന്നാംകുറ്റി | 202.05 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 18 | സൗത്ത് പരവൂർ | 235.18 | വർക്ക് അവാർഡ് ചെയ്തു |
| 19 | പാരിപ്പള്ളി | 302.63 | പുതുക്കിയ പ്ലാൻ അനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനായി ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |
| 20 | കൊട്ടിയം | 226.22 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 21 | ചാത്തന്നൂർ | 528.06 | പദ്ധതി പുരോഗമിക്കുന്നു |
| 22 | കടയ്ക്കൽ | 374.43 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |

| | | | |
|---|---|---|---|
| 23 | ശാസ്താംകോട്ട | 215.85 | നിർമ്മാണ സ്ഥലം ലഭ്യമല്ല. പകരം സ്ഥലത്തിനുള്ള ശ്രമം പഞ്ചായത്ത് തലത്തിൽ പുരോഗമിക്കുന്നു. |
| 24 | കിഴക്കേകല്ലട | 214.42 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 25 | കാവനാട് | 245.08 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 26 | ആലുംമൂട് | 167.81 | പദ്ധതിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ നടത്തി വരുന്നു |
| 27 | അഞ്ചൽ | 472.31 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 28 | പുനലൂർ | 642.75 | കിഫ്ബിയിൽ നിന്നും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 29 | പുത്തൂർ | 284.26 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 30 | കൊട്ടാരക്കര | 506.67 | ഉടമ്പടി വച്ചു |
| 31 | കുലശേഖരപുരം | 340.83 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 32 | പത്തനാപുരം | 181.81 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 33 | കുമ്പഴ | 227.31 | ടെൻഡർ ഫയൽ അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 34 | അടൂർ | 200.53 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 35 | കൂടൽ | 178.29 | പദ്ധതി പുരോഗമിക്കുന്നു |
| 36 | മണ്ണഞ്ചേരി | 163.97 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 37 | ചെത്തി | 161.54 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 38 | താമരക്കുളം | 227.52 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 39 | മാങ്കാംകുഴി | 176.13 | പ്രവൃത്തി ടെണ്ടർ ചെയ്തു, തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 40 | കരിപ്പുഴ | 173.28 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 41 | ചേർത്തല | 307.60 | കിഫ്ബിയിൽ നിന്നും പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 42 | ഇടക്കൊച്ചി | 143.26 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 43 | നായരമ്പലം | 276.49 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 44 | ചാലക്കുടി | 350.02 | ഉടമ്പടി വച്ചു |
| 45 | കുന്നംകുളം | 466.40 | കിഫ്ബിയിൽ നിന്നും പാക്കേജ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 46 | പൊന്നാനി | 170.07 | ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഹാർബർ വകുപ്പിൽ നിന്നും പെർമിസ്സീവ് സാംഗ്ഷൻ ലഭ്യമാകാത്ത സാഹചര്യത്തിൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| 47 | വെള്ളയിൽ | 373.22 | ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ നിന്നും നിർവ്വഹണ സ്ഥലത്തിന്റെ പെർമിസ്സീവ് സാംഗ്ഷൻ ലഭ്യമാവേണ്ടതുണ്ട്, കൂടാതെ സാങ്കേതികാനുമതി നൽകുന്നതിന് പ്ലാൻ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| 48 | ന്യൂമാഹി | 129.20 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലം ഫൈനലൈസ് ചെയ്തു ലഭിക്കേണ്ടതുണ്ട് |
| 49 | കണ്ണപുരം | 116.91 | മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയ്ക്കായി അനുവദിക്കപ്പെട്ട സ്ഥലം നിർമ്മാണത്തിന് പര്യാപ്തമല്ലാത്തതിനാൽ പദ്ധതി ഒഴിവാക്കി ചെറുതാഴം പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള പിലാത്തറയിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കണമെന്ന് ബഹു. എം.എൽ.എ. ആവശ്യപ്പെട്ടതിനുള്ള അനുമതി കിഫ്ബിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പിലാത്തറയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ പരിഗണിക്കാൻ സാധിക്കില്ല എന്ന വിവരം കിഫ്ബി അറിയിച്ചിരിക്കുന്നു |
| 50 | പഴയങ്ങാടി | 142.22 | സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമായി. ആയത് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA)-യിൽ സമർപ്പിച്ച് സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്നു |
| 51 | കാഞ്ഞങ്ങാട് | 301.48 | പദ്ധതി പ്രദേശം wetland ആയതിനാൽ മുനിസിപ്പാലിറ്റിക്കും, ബഹു.എം.എൽ.എ.ക്കും കത്ത് നൽകിയിരുന്നു. തുടർന്ന് മറ്റൊരു സ്ഥലത്തു സ്ഥിതി ചെയ്യുന്ന കോട്ടച്ചേരി മാർക്കറ്റിലെ നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നുള്ള കൗൺസിൽ തീരുമാനം മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| | **ആകെ** | **14216.72** | |
| **2023-24** | | | |
| 1 | അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയം, ആലുവ, എറണാകുളം | 4823.99 | പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |

| | | | |
|---|---|---|---|
| 2 | അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയം, കോഴിക്കോട് | 5517.00 | പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| 3 | സംയോജിത ആധുനിക മത്സ്യഗ്രാമ പദ്ധതി – തലായ് മത്സ്യമാർക്കറ്റ്, ചാലിൽ ഗോപാൽപേട്ട | 281.00 | പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |

**സെക്ഷൻ ഓഫീസർ**